(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6 /2049/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,

ഫോൺ നം.0471-2331231,

ഇമെയിൽ - lfadtvm@yahoo.in

വെബ് - www.lfa.kerala.gov.in

തീയതി 01.12.2016

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വാമനപുരം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : വാമനപുരം ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും ഭാഗം 3 ലേയ്ക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /2049/2016 തീയതി: 01.12 .2016

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.06.2016 മുതൽ 11.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകളിൽ 38 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.
ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.ജമാലുദ്ദീൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 05.11.2016മുതൽ 11.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ജോൺ മനോഹർ ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.പ്രേംനാഥ് ജി.കെ സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | |
| | ശ്രീ.പ്രകാശ് കൃഷ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ദീപേഷ് സി.ഡി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.എ.നബീസത്തുബീവി (10.06.14 മുതൽ 11.11.15),

ശ്രീ.കെ.ദേവദാസൻ (19.11.15 മുതൽ തുടരുന്നു)

സെക്രട്ടറി : ശ്രീമതി.ഡി.എസ്.ലതിക (01.04.15 മുതൽ 31.03.16)

| തസ്തിക | പേര് | | കാലയളവ് |
|---|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. രതീഷ് കുമാർ. വി.ആർ<br>ഡോ.ആൻസി<br>ഡോ.രേഖ എ വർഗ്ഗീസ് | 2015-16 | 01.04.15 മുതൽ 04.06.15<br>05.06.15 മുതൽ 06.07.15<br>06.07.15 മുതൽ 31.03.16 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ജാക്വിലിൻ | 2015-16 | 01.04.15 മുതൽ 31.03.16 |
| അസിസ്റ്റന്റ് എൻജിനീയർ (എൽ.എസ്.ജി.ഡി വാമനപുരം) | ശ്രീമതി.സരോജാദേവി<br>ശ്രീ.ജ്യോതിസ്.എസ് | 2015-16 | 01.04.15 മുതൽ 09.07.15<br>10.07.15 മുതൽ 31.03.16 |
| വെറ്ററിനറി സർജൻ, വാമനപുരം | ഡോ.സൈജു.എ.വി | 2015-16 | 01.04.15 മുതൽ 31.03.16 |
| അഗ്രിക്കൾച്ചറൽ ഓഫീസർ | ശ്രീമതി.അജിത കുമാരി<br>ശ്രീമതി.സുജ | 2015-16 | 01.04.15 മുതൽ 20.05.15<br>21.05.15 മുതൽ 31.03.16 |

| | | | |
|---|---|---|---|
| | | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലൗലി.ആർ | | 01.04.15 മുതൽ 31.03.16 |
| വി.ഇ.ഒ, വാമനപുരം | ശ്രീ.എസ്.ഷാജി | | 01.04.15 മുതൽ 31.03.16 |
| ഹെഡ്മാസ്റ്റർ, യു.പി.എസ് വാമനപുരം | ശ്രീ.വി.എസ്.അശോക് | | 01.04.15 മുതൽ 31.03.16 |
| അസി.സെക്രട്ടറി വാമനപുരം പഞ്ചായത്ത് | ശ്രീമതി.ഹാജ്റാ ബീവി.റ്റി.എച്ച് | | 01.04.15 മുതൽ 31.03.16 |

ഉള്ളടക്കം

ഭാഗം 1


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം രണ്ട് | | |
| 12 | മിനിറ്റ് ബുക്ക്സ് അപാകത സംബന്ധിച്ച് | 2.1 | |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ അനിവാര്യം | 2.2 | |
| 14 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2.3 | |
| 15 | ഡി&ഒ ലൈസൻസ് അനുവദിച്ചതിൽ ഗവ. നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 2.4 | |
| 16 | പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം | 2.5 | |
| 17 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ രേഖപ്പെടുത്തലുകൾ അപൂർണ്ണം | 2.6 | |
| 18 | മൊബൈൽ ടവർ - വസ്തു നികുതി ഈടാക്കിയിട്ടില്ല. | 2.7 | |
| 19 | ഇ -ടെണ്ടർ മുഖേനയുള്ള പ്രവൃത്തികൾ - ഫോറം വിലയും മൂല്യവർദ്ധിത നികുതിയും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല -നടപടികൾ ത്വരിതപ്പെടുത്തണം | 2.8 | |
| 20 | അക്കൗണ്ട്സ് പരിശോധന –ക്രമീകരിക്കാത്ത തുക ഉടനടി ക്രമീകരിക്കണം | 2.9 | |
| | ഭാഗം മൂന്ന് | | |
| 21 | കണ്ടിജന്റ് ചെലവുകളുടെ പരിധി പാലിക്കാതെ തുക ചെലവഴിച്ച 1,34,700/- രൂപ തടസ്സപ്പെടുത്തുന്നു. | 3.1 | |

| | | | |
|---|---|---|---|
| 22 | പഞ്ചായത്ത് - കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3.2 | |
| 23 | ഗ്രാമ കേന്ദ്രങ്ങൾ ഫലപ്രാപ്തി കൈവരിക്കുന്നില്ല | 3.3 | |
| 24 | പാർക്കിംഗ് സംവിധാനം ഒരുക്കൽ -സിമന്റ് കോൺക്രീറ്റ് അനുപാതത്തിൽ വ്യത്യാസം 22,913/- രൂപ നിരാകരിക്കുന്നു | 3.4 | |
| 25 | മേലാറ്റൂഴി ഗ്രാമവികസന കേന്ദ്രം സ്ഥാപിക്കൽ റൂഫിംഗ് ഷീറ്റിന്റെ കനത്തിൽ വ്യത്യാസം. | 3.5 | |
| 26 | വോളിബോൾ കോർട്ട് നിർമ്മാണം - ഉദ്ദേശ്യലക്ഷ്യം നടപ്പിലായില്ല | 3.6 | |
| 27 | ബി.പി.എൽ കാർഡുടമകൾക്ക് ഇൻസെന്റീവ് വിതരണം | 3.7 | |
| 28 | പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിൽ വീഴ്ച | 3.8 | |
| 29 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 3.9 | |
| 30 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>-അവലോകനം | 3.10 | |
| | ഭാഗം നാല് | | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |

| | | | |
|---|---|---|---|
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | തീരുമാനം നംപർ I, തീയതി 24.03.15 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 18.07.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 2,07,65,828 |
| വരവ് | 4,04,35,527 |
| ആകെ | 6,12,01,355 |

| | |
|---|---|
| ചെലവ് | 5,71,88,689 |
| നീക്കിബാക്കി | 40,12,666 |

കുറിപ്പ് - റസീപ്റ്റ്സ് & പേയ്മെന്റ്സ് പ്രകാരം

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3457724 | 5838666 | 9296390 | 9296390 | | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 1450212 | 0 | 1450212 | 1450212 | 1119212 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 128000 | | 128000 | 128000 | 128000 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2591922 | | 2591922 | 2591922 | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 982037 | | 982037 | 982037 | | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2076705 | 2066796 | 4143501 | 4143501 | 204468 | |
| ലോക ബാങ്ക് സഹായം | 4176372 | | 4176372 | 4176372 | 2546767 | |
| ആകെ | 14862972 | 7905462 | 22768434 | 22768434 | 3998447 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 156 | 129 | 12 | 15 | 83% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 18 | 14 | 5499100 | 4181286 | 76.03% |
| കൃഷി ഓഫീസർ | 4 | 3 | 1061325 | 612830 | 57.74% |
| വെറ്റിനറി സർജൻ | 3 | 2 | 504000 | 391728 | 77.72% |
| വി.ഇ.ഒ. | 9 | 8 | 7560000 | 6390000 | 84.52% |
| എ.ഇ. | 101 | 97 | 28008766 | 26091139 | 93.15% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 1465100 | 1461950 | 99.8% |
| മെഡിക്കൽ ഓഫീസർ , പി എച്ച് സി | 2 | 2 | 800000 | 784074 | 98% |
| മെഡിക്കൽ ഓഫീസർ , ആയുർവേദം | 2 | 2 | 1000000 | 1000000 | 100% |
| ഹെഡ് മാസ്റ്റർ | 5 | 4 | 1450000 | 402100 | 27.73% |

| | | | | | |
|---|---|---|---|---|---|
| അസി. സെക്രട്ടറി | 8 | 6 | 2148500 | 1408000 | 65.53% |
| ആകെ | 155 | 141 | 49496791 | 42723107 | |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 21,21,656 | 15,04,996 | (-) 6,16,660 | 40.98% |
| നികുതിയേതര വരവുകൾ | 12,56,059 | 9,12,773 | (-) 3,43,286 | 37.6% |
| മറ്റ് വരവുകൾ | 2,04,962 | 2,10,666 | 5,704 | 2.7% |
| ആകെ | 35,82,677 | 26,28,435 | (-) 9,54,242 | 36.3% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 795600 | 485 |
| കർഷകതൊഴിലാളി പെൻഷൻ | 5355000 | 590 |
| വിധവാ പെൻഷൻ | 13557200 | 1265 |
| വാർദ്ധക്യകാല പെൻഷൻ | 11907480 | 1477 |
| വികലാംഗ പെൻഷൻ | 2881080 | 257 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 678080 | 62 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.11.2016 തീയതിയിൽ സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 22,259/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ രജിസ്റ്ററുകളും ഫയലുകളും കൃത്യമായി പരിപാലിക്കുന്നില്ല. ചെലവിനങ്ങളുടെ സുപ്രധാന രേഖയായ വൗച്ചറുകൾ കൃത്യമായി നമ്പറുകളിട്ട് സൂക്ഷിക്കുന്നില്ല. വിവിധ വിഭാഗങ്ങളിലായി നൽകുന്ന പെർമിറ്റുകൾ,ലൈസൻസുകൾ എന്നിവയുടെ വിശദാംശങ്ങൾ രജിസ്ററിൽ കൃത്യമായി രേഖപ്പെടുത്തി പരിപാലിക്കുന്നില്ല.

2015-16 ൽ പഞ്ചായത്തിന്റെ പല പൊതു മരാമത്ത് പ്രവർത്തികളും ഫലപ്രദമല്ലാത്തവയും ഒഴിവാക്കാവുന്നവയുമായിരുന്നു. (ഉദാ: റവന്യൂ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പാർക്കിംഗിനായുള്ള കോൺക്രീറ്റിംഗ്, വോളിബോൾ കോർട്ടിനായി മണ്ണ് ഫില്ലിംഗ് എന്നീ പദ്ധതികൾ). പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുവാൻ പഞ്ചായത്ത് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. സാമൂഹിക സുരക്ഷിതത്വം, പൊതു ജനാരോഗ്യം എന്നിവ മുൻ നിർത്തിയുള്ള പദ്ധതികൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. നിർബന്ധിത പദ്ധതിയായ പാലിയേറ്റീവ് കെയർ, ഭവന നിർമ്മാണം, കുടിവെള്ള വിതരണം, വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം, യുവാക്കൾക്കു വേണ്ടിയുള്ള തൊഴിൽ നിപുണതാ പരിശീലന പരിപാടി എന്നിവ അർഹരായവർക്ക് ഗുണകരമായ രീതിയിൽ നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിലൂടെ ആനാവശ്യ ചെലവുകൾ ഒഴിവാക്കുവാനും ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ പദ്ധതികൾ നടപ്പിൽ വരുത്തുവാനും സാധിക്കും.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം.

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 28.09.16 മുതൽ 30.09.16 വരെ | 1-8-16 മുതൽ 31-8-16 വരെ | 27.10.16 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിൻെറ ഓഡിറ്റ് | | 2011 - 14 | 30.12.14 | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മിനിറ്റ്സ് ബുക്ക് അപാകത സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1- 27.02.16 I(4) പ്രകാരം പദ്ധതി നമ്പർ 70/2016നായി ലാപ് ടോപ്പ് വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ തുക രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുന്നു.

2- 27.02.16 ലെ I (9) പ്രസ്തുത ഖണ്ഡികയിലെ ഭാഗങ്ങൾ പൂർത്തീകരിക്കാതെ പെൻസിൽ കൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നു.

3- 14.02.16ൽ VIII(3) പഞ്ചായത്ത് ഓഫീസിൽ വെച്ച നടത്തിയ ലേലത്തിന്റെ ഇനം, തുക എന്നിവ കൃത്യമായി രേഖപ്പെടുത്താതെ സ്ഥലം ഒഴിച്ചിട്ടിരിക്കുന്നു.

പഞ്ചായത്ത് ഭരണ നിർവ്വഹണത്തിന്റെ സുപ്രധാന രേഖയായ മിനിറ്റ്സ് ബുക്ക് അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ അനിവാര്യം:

പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ അസസ്.മെന്റ് രജിസ്റ്റർ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) 5-ലെ മാതൃകയിൽ സൂക്ഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തിൽ രജിസ്റ്ററിൽ ഉൾപ്പെട്ട താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | ഇന്ത്യൻ ബാങ്ക് | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ്, വാമനപുരം | രണ്ടാം അർദ്ധ വർഷം | 1250 |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |

| | | | |
|---|---|---|---|
| | | | |
| 4 | സിവിൽ സപ്ലൈസ് | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 5 | മാവേലി സ്റ്റോർ | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 6 | മദർ ഇന്ത്യ പബ്ലിക്ക് സ്കൂൾ, കല്ലറ | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 7 | കെ.എസ്.ഇ.ബി വാമനപുരം | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 8 | ഹൗസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി, കല്ലറ | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| | | ആകെ | 18,750 |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പരിധിയിൽ 04റേഷൻ കടകൾ, 1പെട്രോൾ പമ്പ് എന്നിവ പ്രവർത്തിക്കുന്നുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 21/തീയതി 05.11.2016). എന്നാൽ ഇവയിൽ നിന്നും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 11-5-2007 ലെ സി3-15557/2007നം.സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റൈസ് മില്ലുകൾ, ഓഡിറ്റോറിയങ്ങൾ/കല്യാണ മണ്ഡപങ്ങൾ, കള്ള് ഷാപ്പുകൾ

എന്നിവയിൽ നിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നവരിൽ നിന്നും കൃത്യമായി സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-3 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii)ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ, 2015-16 വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ (ആകെ എണ്ണം 11) നിന്നും തൻ വർഷം തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്നും, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ എന്നിവർ പഞ്ചായത്ത് പരിധിയിൽ ഇല്ല എന്നും ഓഡിറ്റ് എൻക്വയറി നമ്പർ 21/തീയതി 05.11.2016 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ വിവിധ കരാർ പ്രവർത്തികൾ നടത്തിയ കരാറുകാറിൽനിന്നും അവരുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഈടാക്കണ്ടേതാണ്.

## 2-4 ഡി&ഒ ലൈസൻസ് അനുവദിച്ചതിൽ ഗവ. നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

2015-16സാമ്പത്തിക വർഷം 127 സ്ഥാപനങ്ങൾക്ക് ഡി.ആന്റ്.ഒ ലൈസൻസ് നൽകിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി പരിപാലിച്ച് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയെ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ നിന്നും 2015-16വർഷത്തെ ഡി&ഓ ലൈസൻസികളിൽ നിന്നും താഴെ പറയുന്ന അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

1) സ.ഉ(എം.എസ്)നമ്പർ323/2011/ത.സ്വ.ഭ.വ തീ.27-12-2011നിർദ്ദേശാനുസരണം നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ, ശേഖരിക്കുകയോ, വിൽക്കുകയോ ചെയ്യുന്നതല്ലെന്ന സത്യവാങ്മൂലം.

2) സർക്കുലർ നമ്പർ 63624/ആർ.സി.2/2008/ത.സ്വ.ഭ.വ തീ. 15-06-2009പ്രകാരം സ്ഥാപനത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന സത്യപ്രസ്താവന.

3) സർക്കുലർ നം.15885/ആർ.ഡി.3/2011/ത.സ്വ.ഭ.വ തിയതി 26-4-2011അനുസരിച്ച് ഡി&ഒ ലൈസൻസികളോട് പുകവലി നിരോധനം സംബന്ധിച്ച നിബന്ധനകൾ പാലിക്കുമെന്ന സമ്മതപത്രം.

കൂടാതെ അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും സെക്രട്ടറിയുടെ അനുമതിയും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകളിലെ/സർക്കുലറുകളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

## 2-5 പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അനുമതിയോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി ഈടാക്കാവുന്നതാണ്.

2 015-16 സാമ്പത്തിക വർഷം പരസ്യ നികുതി ഡിമാന്റ് ചെയ്യുകയോ തുക ഈടാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി 22 /തീയതി : 05.11.2016 ന് മറുപടിയായി പരസ്യ നികുതി ബൈലോ പാസ്സാക്കിയിട്ടില്ല എന്നും പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലത്തിൽ നൽകിയിട്ടില്ല എന്നും

അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി പരസ്യ നികുതി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ രേഖപ്പെടുത്തലുകൾ അപൂർണ്ണം

2015-16 സാമ്പത്തിക വർഷത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷകളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന്റെ വിസ്തീർണ്ണം, പെർമിറ്റ് ഫീ ഈടാക്കിയതിന്റെ രശീതി നം./തിയതി, കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം തുടങ്ങിയ വിശദാംശങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. തൻ വർഷം ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങളുടെ അപേക്ഷകളുടെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്.

## 2-7 മൊബൈൽ ടവർ വസ്തു നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ ആകെ 6 മൊബൈൽ ടവറുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, തൻ വർഷം ഈ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഇനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 33/ തീയതി 05.11.2016 ന് മറുപടി നൽകിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാനുള്ള നടപടികൾ അടിയന്തര സ്വഭാവത്തോടെ കൈക്കൊള്ളേണ്ടതാണ്.

## 2-8 ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികൾ - ഫോറം വിലയും മൂല്യവർദ്ധിത നികുതിയും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല - നടപടികൾ ത്വരിതപ്പെടുത്തണം.

ഗ്രാമപഞ്ചായത്തിൽ 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലായി 9 മരാമത്ത് പ്രവർത്തികൾ ഇ-ടെൻഡർ മുഖേന നടന്നിട്ടുണ്ട്. ഈ പ്രവൃത്തികളിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ടതായ ഫോറം വിലയും നികുതിയും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്ന് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റുവാൻ ആവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിൽ നിന്ന് തുക ലഭ്യമാകുന്ന സമയത്ത് അസി.എൻജിനീയർ പ്രവൃത്തികൾ, ഫോറം വാങ്ങിയവരുടെ എണ്ണം തുടങ്ങിയവയുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

## 2-9 അക്കൗണ്ട്സ് പരിശോധന - ക്രമീകരിക്കാത്ത തുക ഉടനടി ക്രമീകരിക്കണം.

2015-16 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ പത്രികയിലെ ബാലൻസും പാസ്ബുക്ക് ബാലൻസും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം 8 തീയതി 05.11.16 നൽകിയിരുന്നു. മറുപടിയിൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. ടി സ്റ്റേറ്റ്മെന്റിൽ 87727/- രൂപ തിരിച്ചറിയപ്പെടാത്ത തുകയായി "മുൻപുള്ള തുക" എന്ന ശീർഷകത്തിൽ കാണിച്ചിട്ടുണ്ട്. ഈ തുക എത്രയും പെട്ടെന്ന് തിരിച്ചറിഞ്ഞ് അക്കൗണ്ടിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടത്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കണ്ടിജന്റ് ചെലവുകളുടെ പരിധി പാലിക്കാതെ തുക ചെലവഴിച്ചു

## 1,34,700/- രൂപ തടസ്സപ്പെടുത്തുന്നു.

ജി.ഒ (എം.എസ്)107/ 98 /ത.സ്വ.ഭ.വ തീയതി 27.05.98, ജി.ഒ (എം.എസ്) നം.271/ 2004/ത.സ്വ.ഭ.വ തീയതി 14.09.04 എന്നീ ഉത്തരവുകൾ അടിസ്ഥാനമാക്കിയാണ് കണ്ടിജന്റ് ചെലവിനങ്ങളിൽ തുക ചെലവഴിക്കേണ്ടത്. ഇതു പ്രകാരം അനുവദിക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി പഞ്ചായത്ത് പ്രസിഡന്റിന് ഒരു പ്രാവശ്യം 5000/-രൂപയും പ്രതിമാസം 10,000/- രൂപയുമാണ്. എന്നാൽ, 2015-16കാലയളവിൽ കണ്ടിജന്റ് ചെലവിനത്തിൽ പ്രസ്തുത ഉത്തരവുകൾ പാലിക്കാതെ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ / ചെക്ക് / രസീതി നം. | തീയതി | ചെലവഴിച്ച ഇനം | തുക |
|---|---|---|---|---|
| 1 | 21500082 | 24.04.2015 | ഇന്ധന ചെലവ് | 21,564 |
| 2 | 076994 | 19.10.2015 | ഇന്ധന ചെലവ് | 12,446 |
| 3 | 17883 | 20.03.2016 | ഇന്ധന ചെലവ് | 17,883 |
| 4 | 21501188 | 03.03.2016 | ശുദ്ധജല പദ്ധതി ഉദ്ഘാടനം | 25,000 |
| 5 | 305477 | 20.08.2015 | ഇന്ധന ചെലവ് | 21,807 |
| 6 | 305485 | 05.08.2015 | സമഗ്രവികസന പദ്ധതി ഉത്ഘാടനം സ്റ്റേജ് നിർമ്മാണം | 36,000 |
| | ആകെ | | | 1,34,700 |

കണ്ടിജന്റ് ചെലവുകളുടെ പരിധി പാലിക്കാതെ ചെലവഴിച്ച മേൽ പ്രസ്താവിച്ച ആകെ തുകയായ 1,34,700/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 പഞ്ചായത്ത് - കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2015-16 സാമ്പത്തിക വർഷം 3,02,221/-രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഉപഭോഗം സംബന്ധിച്ച് മീറ്റർ സ്ഥാപിക്കുകയോ മറ്റ് രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ 2015-16 വർഷത്തിൽ 8,09,529/- രൂപ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ, വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഉപയോഗ യോഗ്യമായ പൈപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. നിലവിൽ വാട്ടർ അതോറിറ്റി നൽകുന്ന ബില്ലനുസരിച്ചാണ് പഞ്ചായത്ത് വെള്ളക്കരം അടവാക്കുന്നത്. അതിനാൽ യഥാർത്ഥ ജല ഉപഭോഗത്തിന്റെ ചെലവ് കണക്കാക്കുന്നതിന് കഴിയുന്നില്ല.

പഞ്ചായത്തിലെ തെരുവു വിളക്കുകളുടെയും, പൊതു ടാപ്പുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി 19/തീയതി 05.11.2016 യ്ക്ക് മറുപടി ലഭ്യമാക്കിട്ടുണ്ട് കെ.എസ്.സി.ബി,വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പഞ്ചായത്ത് പരിധിയിലെ തെരുവു വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ കൃത്യമായ എണ്ണവും ഉപഭോഗവും കണക്കാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ തനത്ഫണ്ടിന്റെ ലഭ്യത പരിമിതമായ സാഹചര്യത്തിൽ ഇത്തരം ചെലവിനങ്ങളിൽ അവധാനതയോടെയുള്ള സമീപനം അനിവാര്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-3 ഗ്രാമ കേന്ദ്രങ്ങൾ ഫലപ്രാപ്തി കൈവരിക്കുന്നില്ല.

ജി.ഒ.(എം.എസ്)നമ്പർ.112/2014തസ്വഭവ തീയതി 25.06.2014 അടിസ്ഥാനമാക്കി വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തുകൾ നടപടികൾ സ്വീകരിക്കേണ്ടതാണ്.പ്രാദേശിക ഭരണ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ജനങ്ങൾ നിരന്തരമായി കൂടി ച്ചേർന്ന് വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായിട്ടാണ് എല്ലാ വാർഡിലും ഗ്രാമകേന്ദ്രം രൂപീകരിക്കുവാൻ പദ്ധതി ആസൂത്രണ രേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളിലും ആയത് ലഭ്യമല്ലാത്ത വാർഡുകളിൽ വാടക കെട്ടിടത്തിലും പ്രവർത്തിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷം പദ്ധതി നമ്പർ 170/16 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടിൽ നിന്നും 75000/- രൂപയും തനത് ഫണ്ടിൽ നിന്നും 1,42,317/-രൂപയും (ആകെ 2,17,317) ചെലവ് ചെയ്ത് സിഡ്കോയിൽ നിന്നും 20 സ്റ്റീൽ മേശകളും 17 സ്റ്റീൽ കസേരകളും 30 പ്ലാസ്റ്റിക്ക് കസേരകളും വാങ്ങിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 24 ന്റെ മറുപടിയായി ഗ്രാമ പഞ്ചായത്തിൽ മേലാറ്റുമൂഴി, ആനച്ചൽ, ളുങ്ങയിൽ എന്നീ വാർഡുകളിലായി ആകെ മൂന്ന ഗ്രാമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായും വാടക ഇനത്തിൽ തൻ വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ലെന്നും വാർഡു കമ്മിറ്റിയോഗങ്ങൾ നടന്നിട്ടില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, തൻവർഷം ഗ്രാമ കേന്ദ്രങ്ങൾക്കായി വാങ്ങിയ ഫർണ്ണിച്ചറുകൾ പഞ്ചായത്ത് ഓഫീസിൽ കൂട്ടിയിടുകയാണ് ചെയ്തിട്ടുള്ളത്.

ഗ്രാമ കേന്ദ്രങ്ങളുടെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് ആവശ്യമായ ഭൗതിക സാഹചര്യമോ പ്രവർത്തനങ്ങളോ നടത്താതെ ഫർണ്ണിച്ചറുകൾ മാത്രം വാങ്ങുകയും അവ ഉപയോഗപ്പെടുത്താതെ പഞ്ചായത്ത് ഫണ്ട് ദുർവ്യയം ചെയ്യുകയുമാണ് ഉണ്ടായത്. ആയതിനാൽ 2,17,317/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പാർക്കിംഗ് സംവിധാനം ഒരുക്കൽ -സിമന്റ് കോൺക്രീറ്റ് അനുപാതത്തിൽ വ്യത്യാസം 22,913/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO – 161/15 |
| അടങ്കൽ തുക | 1000000/- |
| ഭരണാനുമതി | 1(17)/22.11.2014 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സി. എൻജിനീയർ |
| ഡി.ഡി നമ്പർ & തുക | 539020/-(520033 തീയതി 17.07.2015) |
| | 394107/- (522978 തീയതി 30.09.2015) |
| കാരാറുകാരൻ | ഗുണഭോക്തൃ സമിതി |

വാമനപുരം പഞ്ചായത്തിലെ വിവിധ ഓഫീസുകളുടെ പൊതുവായ സ്ഥലത്ത് (റവന്യൂ ഭൂമി) ബഹു. ജില്ലാ കളക്ടറുടെ അനുമതിയോടെ പാർക്കിംഗ് സംവിധാനത്തിനായി സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. ടി സ്ഥലത്തിന്റെ പ്രത്യേക സാഹചര്യം പ്രകാരം പാറപ്പൊടി ഉപയോഗിച്ച് നിരപ്പാക്കി 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിന്റെ മുകളിൽ സ്റ്റീൽ കമ്പി ഉപയോഗിച്ച് 1:1.5:3 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ഇട്ട് ബലപ്പെടുത്തിയിരുന്നു. സാധാരണയായി റൂഫിംഗ് സംവിധാനത്തിന് ഉപയോഗിക്കുന്ന 1:1.5:3 എന്ന സിമന്റ് - കോൺക്രീറ്റ് അനുപാതം ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
DSR 2013 ലെ കോഡ് നമ്പർ 5.1.2 ( 1 cement, 1.5 Coarse Sand , 3 Graded Stone aggregate 20 mm nominal size) – ന പകരം കോഡ് നമ്പർ 5.1.3 ( 1 cement, 2 Coarse Sand , 4 Graded Stone aggregate 20 mm nominal size)

പ്രവൃത്തിയിലെ ഇനം 5 ആയി ഉൾപ്പെടുത്തേണ്ടതായിരുന്നു. എസ്റ്റിമേറ്റ് റിപ്പോട്ടിൽ D.S.R കോഡ് 5.1.2 ഉപയോഗിക്കുന്നതിന്റെ ആവശ്യകത പരാമർശിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഈ അപാകത മൂലം താഴെ പറയുന്ന രീതിയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ബിൽ പ്രകാരം ഇനം നമ്പർ | പ്രവർത്തിയുടെ അളവ് | ചെയ്ത പ്രവർത്തിയുടെ നിരക്കും നൽകിയ തുകയും (DSR 5.1.2) | ചെയ്യേണ്ടിയിരുന്ന പ്രവർത്തിയുടെ നിരക്കും നൽകിയ തുകയും (DSR 5.1.2) | |
|---|---|---|---|---|
| 5 | 48.21 $m^3$ | 6662.70/$m^3$ 321208.7776 | 6187.42/$m^3$ 298295.6751 | 22913.25 |

ഈ പ്രവൃത്തിയിൽ മേൽ അപാകത മൂലം നഷ്ടപ്പെട്ട 22,913/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-5 മേലാറ്റൂമൂഴി ഗ്രാമവികസന കേന്ദ്രം സ്ഥാപിക്കൽ റൂഫിംഗ് ഷീറ്റിന്റെ കനത്തിൽ വ്യത്യാസം - തുക 26554/- നിരാകരിക്കുന്നു.

പ്രോജക്ടിന്റെ പേര് - മേലാറ്റൂമൂഴി ഗ്രാമവികസന കേന്ദ്രം സ്ഥാപിക്കൽ
പ്രോജക്ട് നം. - S0086/16
സാങ്കേതിക അനുമതി - 436/TS/AEE/VBP/VMP/15-16 തീയതി 02.07.15
അടങ്കൽ തുക - 150000/-
എം.ബുക്ക് - 379/15-16

S0086/16 എന്ന പ്രോജക്ടിന്റെ ഫയലുകളും അനുബന്ധ ഫയലുകളും പരിശോധിക്കുകയും തുടർന്ന് 09.11.2016-ൽ സംയുക്ത ഭൗതിക പരിശോധന നടത്തുകയും ചെയ്തു. ഈ ഭൗതിക പരിശോധനയിൽ മേലാറ്റൂമൂഴി ഗ്രാമവികസന കേന്ദ്രത്തിന്റെ റൂഫിംഗിനായി (ഇനം 3) ഉപയോഗിച്ചിട്ടുള്ള ഷീറ്റിന്റെ കനത്തിൽ (0.50 എം.എം ന പകരം 0.30എം.എം) കുറവുള്ളതായി ബോധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിധം ടി പ്രവൃത്തിയിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

| ഇനം നമ്പർ | പ്രവൃത്തിയുടെ ഡി.എസ്.ആർ കോഡ് | ചെയ്ത പ്രവൃത്തിയുടെ അളവ് | നിരക്ക് | ആകെ |
|---|---|---|---|---|
| 3 | 12.50 | 81.48 എം$^2$ | 772.71/എം$^2$ | 62960.41 |

ചെയ്ത പ്രവൃത്തിയ്ക്ക് ഡി.എസ്.ആർ-ൽ നിരക്ക് ലഭ്യമല്ലാത്തതിനാൽ മാർക്കറ്റ് റേറ്റിന്റെ അടിസ്ഥാനത്തിൽ ചതുരശ്രമീറ്ററിന് 446.81/- രൂപ നിരക്കിൽ പ്രസ്തുത പഞ്ചായത്ത് മറ്റൊരു പ്രവൃത്തി ചെയ്തിട്ടുള്ളതാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Item | Quantity | Rate | Amount |
|---|---|---|---|
| Precoated galvanised iron profile sheet 0.3. mm TCT | 233.650 | 224 | 52337.6 |
| Carriage of sheets | 104 | 1.78 | 185.12 |
| Galvanised steel hook 8 mm dia | 476 | 120 | 5712 |
| Bitumin washer | 476 | 30 | 142.80 |
| GI Plain washer thick | 476 | 35 | 166.60 |
| Carriage of bolt and nuts | 8.060 | 1.78 | 14.35 |
| Sundries | 39.520 | 1.78 | 70.35 |

| | | | |
|---|---|---|---|
| Mistry | 2.340 | 435 | 1017.90 |
| Carpenter | 9.340 | 399 | 3726.66 |
| Beldar | 9.340 | 329 | 3072.86 |
| Water charge | | | 1157.46 |
| Total | | | 67603.7 |

Cost of 216.14 $M^2$ = 67603.7

Cost of 1$M^2$ = 312.78

Add cost of index = 312.78 x 1.4285 = 446.81

Quantity of work done = 81.48 $M^2$

ആകെ ചെലവായ തുക = 446.81 x 81.48 = 36406.08

ആയതിനാൽ അനുവദനീയമായ 36406.08 തുക കഴിഞ്ഞുള്ള 26,554.33/- രൂപ നിരാകരിക്കുന്നു.

## 3-6 വോളിബോൾ കോർട്ട് നിർമ്മാണം - ഉദ്ദേശ്യലക്ഷ്യം നടപ്പിലായില്ല.

വാമനപുരം ഗ്രാമപഞ്ചായത്തിലെ 13-ാം വർഡിലെ പഞ്ചായത്ത് വക ഭൂമിയിൽ ഒരു വോളിബോൾ കോർട്ട് നിർമ്മിക്കുതിനായി PYKKA പദ്ധതി തുകയായ 350000/- രൂപ ചെലവഴിച്ചിട്ടുണ്ട്. SO153/15-ാം നമ്പർ പ്രോജക്ടായ മേൽ പ്രവൃത്തിയുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പഞ്ചായത്ത് വക ഭൂമിയിൽ 555 ഘന.മീ. മണ്ണ് നിറയ്ക്കുന്നതിന് മാത്രമായി ഈ തുക ചെലവഴിച്ചിരിക്കുന്നു. തുടർന്ന് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ വോളിബോൾ കോർട്ട് നിലവില്ലായെന്നും ടി സ്ഥലം മറ്റൊരു കായിക വിനോദങ്ങൾക്കും ഉപയോഗിക്കുന്നില്ല എന്നും ബോധ്യപ്പെട്ടു. PYKKA പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലവത്താക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വെറും മണ്ണ് നിറയ്ക്കൽ പദ്ധതിയായി മാറിയ ഈ പ്രോജക്ടിന്മേൽ വേണ്ട നടപടികൾ സ്വീകരിച്ച് PYKKA പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈക്കൊള്ളുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ബി.പി.എൽ കാർഡുടമകൾക്ക് ഇൻസെന്റീവ് വിതരണം പൂർത്തിയാക്കിയിട്ടില്ല.

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ആധാർ കാർഡ്,ബാങ്ക് അക്കൗണ്ട് എന്നിവയുള്ള ബി.പി.എൽ കാർഡ് ഉടമസ്ഥർക്ക് കാർഡൊന്നിന് 150/- രൂപ ഇൻസെന്റീവ് ആയി നൽകുന്നതിന് 1,35,150/- രൂപ 19.03.2015 ൽ ലഭിച്ചിട്ടുള്ളതാണ്. ഓഡിറ്റിനു സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിലെ B4 ഷെഡ്യൂളിൽ ഈ തുക ചെലവാക്കാതെ നീക്കി വെച്ചിരിക്കുന്നു.

ഇൻസെന്റീവ് വിതരണത്തെപ്പറ്റിയുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി 2016-17 ൽ 292 ഗുണഭോക്താക്കൾക്കായി 43800/-രൂപ നൽകിയിട്ടുണ്ടെന്നും ബാക്കി തുക എത്രയും വേഗം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇൻസെന്റീവ് വിതരണം അടിയന്തരമായി പൂർത്തിയാക്കി ബാക്കി വരുന്ന തുക ബഹു.ജില്ലാ കളക്ടർക്ക് കൈമാറി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിൽ വീഴ്ച.

പഞ്ചായത്ത് കമ്മിറ്റിയുടെ 16.06.2015 തീയതിയിലെ V(1) തീരുമാനപ്രകാരം വാഴ് വേലിക്കോണം വാർഡ് പുറമ്പോക്ക് ഭൂമിയുടെ വസ്തു അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ട്. ഈ തീരുമാനം നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36/ തീയതി 07.11.2016ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ, പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 43/തീയതി 10.11.2016 പ്രകാരം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.പഞ്ചായത്തിന്റെ ആസ്തികൾ (ഡിപ്രീസിയേഷൻ ഉൾപ്പെടെ) രജിസ്റ്ററിൽ രേഖപ്പെടുത്തി പരിപാലിക്കേണ്ടതും, നിശ്ചിത കാലയളവിൽ തുടർ അന്വേഷണങ്ങൾ നടത്തി സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-9 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.

എ) അപേക്ഷകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നില്ല.

2015-16 സാമ്പത്തിക വർഷം ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് ലഭിച്ചതും അനുവദിച്ചതും നിരസിച്ചതുമായ അപേക്ഷകളെ സംബന്ധിക്കുന്ന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.
2. ക്ഷേമ പെൻഷനുകൾക്കായി ലഭിക്കുന്ന അപേക്ഷകൾ ക്രമനമ്പരിട്ട് സൂക്ഷിച്ചിട്ടില്ല.
3. അപേക്ഷകൾ തീർപ്പാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയ പരിധി പാലിച്ചിട്ടില്ല. (ഉദാഹരണമായി- കർഷക തൊഴിലാളി പെൻഷൻ 45 ദിവസം, വികലാംഗ പെൻഷൻ 60 ദിവസം.)
4. പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ അന്വേഷണത്തിനായി കൈമാറുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് സമയബന്ധിതമായി ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കുന്നില്ല.

ക്ഷേമ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഓരോ പെൻഷൻ പദ്ധതിക്കും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും ചട്ടങ്ങളും (1998-ലെ കേരള കർഷക തൊഴിലാളി പെൻഷൻ,കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ) നിർദ്ദേശങ്ങളും അനുസരിച്ച് പ്രവർത്തിക്കേണ്ടതും, അപേക്ഷകന്റെ തീയതി, പൂർണ്ണമായ മേൽ വിലാസം, അപേക്ഷ ലഭിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തീയതി, തിരികെ ലഭിച്ച തീയതി, അപേക്ഷയിൻമേൽ എടുത്ത തീരുമാനം, മറ്റു വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. രജിസ്റ്ററുകളും മറ്റു രേഖകളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുവാൻ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്.

ബി) വരുമാന പരിധി കണക്കാക്കാതെ പെൻഷൻ അനുവദിക്കുന്നു

വരുമാന പരിധി മാനദണ്ഡങ്ങൾ പാലിക്കാതെ പെൻഷൻ അനുവദിച്ച അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷ/ പെൻഷൻ നമ്പർ | അപേക്ഷകന്റെ പേര്/ മേൽ വിലാസം | വരുമാനം സംബന്ധിച്ച വിവരം |
|---|---|---|---|
| 1 | അപേക്ഷ നമ്പർ 205/16 പെൻഷൻ നമ്പർ 7 പെൻഷൻ കോഡ് 162500201668 | ശ്രീ.ദുർഗ്ഗാ ദത്തൻ, പുണർതം,കുളമച്ചൽ പി.ഒ, | റേഷൻ കാർഡിന്റെ പകർപ്പിൽ ഇദ്ദേഹം പൊതു മേഖല ജീവനക്കാരനാണ്. |
| 2 | അപേക്ഷ നമ്പർ 225/16 പെൻഷൻ നമ്പർ 27, പെൻഷൻ കോഡ് 102 500 20 1688 | ശ്രീമതി.വിജയകുമാരി ജെ , സജി ഭവൻ ,ആനാകുടി കാഞ്ഞിരംപാറ വാർഡ് | റേഷൻ കാർഡിലെ വിവരം അനുസരിച്ച് ഗൃഹനാഥൻ ശ്രീ.സുകുമാരൻ ആശാരി പെൻഷനറാണ്. |
| 3 | അപേക്ഷ നമ്പർ 234/16 പെൻഷൻ നമ്പർ 36 പെൻഷൻ കോഡ് 102 500 20 1697. | ശ്രീ.ഭുവന ചന്ദ്രൻ കെ | റേഷൻ കാർഡിലെ വിവരം അനുസരിച്ച് ചെറുമകൻ സർക്കാർജീവനക്കാരനാണ്. |
| 4 | ഫയൽ നമ്പർ B4/718/2016 തീയതി 16.02.2016 പെൻഷൻ നമ്പർ 06/355 , പെൻഷൻ കോഡ് 102 500 201 817 | ശ്രീ.മുഹമ്മദ് സാലി എം , ഹസീന മൻസിൽ , ഊന്നൻ പാറ, ഉമ്പോട് | റേഷൻ കാർഡ് പ്രകാരം ഇദ്ദേഹം വിദേശത്ത് ജോലി ചെയ്തിരുന്ന ആളാണ്. |

സി) വിധവാ പെൻഷൻ അപേക്ഷകളിൽ സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

വിധവാ പെൻഷനുകൾ അനുവദിച്ച അപേക്ഷകളിൽ സൂക്ഷ്മ പരിശോധന നടത്താതെയാണ് പെൻഷൻ അനുവദിച്ചിരിക്കുന്നത്. മതിയായ പരിശോധന കൂടാതെ പെൻഷൻ അനുവദിച്ച അപേക്ഷകൾ ചുവടെ ചേർക്കുന്നു:

| ക്രമ നം. | അപേക്ഷ/ തീയതി | അപേക്ഷകന്റെ പേര്/ മേൽ വിലാസം | വരുമാനം സംബന്ധിച്ച വിവരം |
|---|---|---|---|
| 1 | 16.07.2015 ലെ വിധവാ പെൻഷൻ അപേക്ഷ | ശ്രീമതി. ബീനമോൾ എൽ, അതുല്യ ഭവൻ, ഊന്നൻപാറ,ആനാക്കുടി പി.ഒ | പ്രസ്തുത വ്യക്തിയുടെ ഭർത്താവ് ഉപേക്ഷിച്ച പോയിട്ട് 5 വർഷം ആയെന്നാണ് പഞ്ചായത്ത് മെമ്പർ നൽകിയ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| 2 | 09.12.2015 -ലെ വിധവാ പെൻഷൻ അപേക്ഷ | ശ്രീമതി.ബേബി, ആശാ ഭവൻ, ആനച്ചാൽ | പ്രസ്തുത വ്യക്തി ഭർത്താവുമായി വേർപിരിഞ്ഞു താമസിക്കുന്നു എന്നാണ് പഞ്ചായത്ത് മെമ്പർ നൽകിയ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. |

മേൽ പറഞ്ഞ അപേക്ഷകളിൽ പെൻഷൻ അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39,40/ തീയതി 08.11.2016 ന് തൃപ്തികരമായ മറുപടികൾ ലഭ്യമാക്കിയിട്ടില്ല.
ജി.ഒ.(എം.എസ്) 58/2014/സാ.ക്ഷേ.വ. തീയതി 20.06.2014 പ്രകാരം വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുമ്പോൾ ഈ ഉത്തരവ് പ്രകാരം അപേക്ഷകരുടെ വരുമാന പരിധി പരിശോധിക്കേണ്ടതും റവന്യൂ അധികാരികളിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. പെൻഷനുകൾ അനുവദിക്കുമ്പോൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ:

1. അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്ന തീയതി വെച്ച് ഒപ്പ് വെയ്ക്കേണ്ടതാണ്.
2. അപേക്ഷകളിൽ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന നമ്പറും തീയതിയും രേഖപ്പെടുത്തേണ്ടതാണ്.

## 3-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം.

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ മേഖലയുടെ സാമ്പത്തിക സുസ്ഥിരതയേയും സാമൂഹ്യ ശാക്തീകരണത്തേയും ഊട്ടിയുറപ്പിക്കുന്നതിനുള്ള ഒരു നവീനമായ ചുവടുവെയ്പ്പാണ്. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ പ്രഥമ ലക്ഷ്യം. ആസ്തികളുടെ രൂപീകരണം, ഗ്രാമീണ ദരിദ്രരുടെ ജീവനോപാധികൾ ശക്തിപ്പെടുത്തൽ എന്നിവയാണ് സ്കീമിന്റെ പ്രധാന ലക്ഷ്യങ്ങൾ.

2015-16 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4751 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4751 |
| 3 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 304 |
| 4 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 304 |
| 5 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2,901 |
| 6 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2,901 |
| 7 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 161 |
| 8 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | 5 |
| 9 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | ജൂൺ |
| 10 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഇല്ല |

ഭൂവികസനം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, പട്ടിക ജാതി -പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, വരൾച്ച തടയൽ,വനവൽക്കരണം എന്നീ വിഭാഗങ്ങളിലാണ് തൻ വർഷം 304 പദ്ധതികൾ നിർവഹണം നടത്തിയത്. മണ്ണ് -ജല സംരക്ഷണം, ചെറുകിട ജലസേചനം തുടങ്ങിയ വിഭാഗങ്ങളിൽ പദ്ധതി രൂപീകരിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.

മണ്ണ്-ജലസംരക്ഷണം, വരൾച്ച തടയൽ, വനവത്കരണം, ചെറുകിട ജലസേചനം, പട്ടികജാതി-പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ എന്നിവയാണ് ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പദ്ധതികളുടെ മുൻഗണനാ ക്രമം. ഈ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കൊണ്ട് പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയിൽ ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തികവും ഭൂമിശാസ്ത്രപരവുമായ ഘടനയും പ്രാധാന്യവും ഉൾക്കൊണ്ടു വിവിധ വിഭാഗങ്ങളിലായി പദ്ധതികൾ രൂപീകരിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതുമാണ്. കൂടാതെ, കാലാവസ്ഥ മാറ്റങ്ങളെ പ്രതിരോധിക്കുന്നതിനും തനത് പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുന്നതിനുമായി സർക്കുലർ നമ്പർ 8827/ഡിഡി 2/13/LSGD തീയതി 13.12.2013 പ്രകാരമുള്ള നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി വരൾച്ച തടയൽ പദ്ധതികൾ ആവിഷ്ക്കരിക്കാനും സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-11 തെരുവു നായകളുടെ നിയന്ത്രണം - സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി.ഒ.(ആർ.ടി.)2840/2015 തീയതി 17.09.2015 ലെ നിർദ്ദേശങ്ങൾ ; കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166 എന്നിവ പ്രകാരം 2015-16 സാമ്പത്തിക വർഷം തെരുവു നായകളുടെ നിയന്ത്രണത്തിനായി പഞ്ചായത്ത് നടപടികൾ ഒന്നും തന്നെ പ്രാവർത്തികമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 31/തീയതി 07.11.2016 – ന് മറുപടിയായി തൻവർഷം Animal Birth Control for Stray Dogs നായി 1,00,000/-രൂപ അടങ്കൽ തുകയായി വകയിരുത്തി ഡി.പി.സി അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും, എന്നാൽ വെറ്ററിനറി ഹോസ്പിറ്റലിൽ നായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. പൊതു ജനാരോഗ്യ രംഗത്ത് പ്രാധാന്യമുള്ള ഈ വിഷയത്തിൽ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ

പതിയേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 25,000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് ബത്ത | 25,000/- | ഇല്ല |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | തുക | | | |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 207/10/ LSGD | 12291000 | 6645500 | 1229100 | ഇല്ല | 5416400 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,04,35,527 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,71,88,689 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 18,750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 49,468 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,52,017 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 2.2 | 18750 | | ശ്രീമതി.ഡി.എസ്.ലതിക, സെക്രട്ടറി |
| | | | |
| 3.4 | | 22913 | ശ്രീ.ജ്യോതിസ്.എസ്, അസ്സി.എൻജിനീയർ |
| 3.5 | | 26555 | ശ്രു.ജ്യോതിസ.എസ്, അസ്സി.എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 1,34,700 | ശ്രീമതി.ഡി.എസ്.ലതിക സെക്രട്ടറി |
| 3.3 | 2,17,317 | ശ്രീമതി.ഡി.എസ്.ലതിക സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഡി.എസ്.ലതിക, സെക്രട്ടറി | വാമനപുരം ഗ്രാമ പഞ്ചായത്ത് | ശിവപ്രിയ, എൻ.എസ്.എസ് നഗർ, വട്ടപ്പാറ പി.ഒ. |
| ശ്രീ.ജ്യോതിസ്.എസ്, അസ്സി.എൻജിനീയർ | വാമനപുരം ഗ്രാമ പഞ്ചായത്ത് | മേരി ലാന്റ്, ടി.സി. 8/583 ഓടാൻകുഴി റോഡ്, തിരുമല പി.ഒ |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം).*

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | ഖണ്ഡികകളുടെ എണ്ണം | |
| 2000-01 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/282/2004 തീയതി 30.07.2014 | 11 | |
| 2001-02 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/445/2006 തീയതി 30.07.2014 | 10 | |
| 2002-03 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/626/2005 തീയതി 30.07.2014 | 11 | |
| 2003-04 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/175/2007 തീയതി 30.07.2014 | 8 | |
| 2004-05 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/1189/2008 തീയതി 30.07.2014 | 18 | |
| 2005-06 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/1190/2009 തീയതി 12.05.2010 | 13 | |
| 2006-07 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/282/2010 തീയതി 10.02.2011 | 12 | |
| 2007-08 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/1130/2010 തീയതി 03.11.2010 | 8 | |
| 2008-09 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/929/2011 തീയതി 04.06.2011 | 13 | |
| 2009-10 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/2607/2011 തീയതി 27.03.2012 | 6 | |
| 2010-11 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/1977/2012 തീയതി 17.12.2013 | 18 | |
| 2011-12 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/2108/2014 തീയതി 07.02.2014 | 10 | |
| 2012-13 | നമ്പർ.എൽ.എഫ്.റ്റി.ഡി.ജി.പി.10/1074/2014 തീയതി 08.10.2014 | 12 | |
| 2014-15 | നമ്പർ.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/ 1231/2016 തീയതി 03.08.2016 | 13 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ളതു പോലെ 18,750/- രൂപയുടെ വരവിനങ്ങളിലെ നഷ്ടം, 3,52,017/- രൂപയുടെ തടസ്സം, 49,468/- രൂപയുടെ നിരാകരണം ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യപത്രിക വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും സർക്കാർ ഉത്തരവ് നമ്പർ 319/2003 ധന/തീയതി 12.06.2003 ഉം അനുസരിച്ചാണ്.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അപാകതകൾ

1.സ്ഥാപനത്തിന്റെ മുഴുവൻ ആസ്തി വിവരങ്ങളും വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
2.സ്റ്റോക്ക് & സ്റ്റോർ മൂല്യാധിഷ്ഠിതമായി തയ്യാറാക്കി വിവരം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്